## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിൽ ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ ശ്രീ.പൂങ്ങോട്ട് ശ്രീനിവാസ് വക 14/362 A നമ്പർ കെട്ടിടത്തിന് 22.06.2019 പ്രാബല്യ തീയതിയായി വസ്തു നികുതി ഈടാക്കുവാൻ ചേളന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ)നം.645/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം.17.03.2020

പരാമർശം: 1) ശ്രീ. പൂങ്ങോട്ട് ശ്രീനിവാസ് 25.11.2019 ന് നൽകിയ നിവേദനം.

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്-ന്റെ 31.12.2019 ലെ ADP/2744/2019-C5 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ ചേളന്നൂർ വില്ലേജിൽ താമരശ്ശേരി ദേശത്ത് റി.സ. 110/3, 1, 4, 5, 6 എ , 8 സി , 9 എ എന്നിവയിൽപ്പെട്ട സ്ഥലത്ത് നിർമ്മിച്ച വെയർ ഹൗസിന് നമ്പർ അനുവദിക്കുന്നതിനായി ശ്രീ. പൂങ്ങോട്ട് ശ്രീനിവാസ് , വെസ്റ്റ്‌വേ ഹോട്ടൽ, വെസ്റ്റ് നടക്കാവ്, എരഞ്ഞിപ്പാലം.പി.ഒ., 19.10.2016 തീയതി ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിലെ നിർമ്മാണ സ്ഥലം നിലം വിഭാഗത്തിൽപ്പെട്ടതായതിനാൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് ആവശ്യമാണെന്ന് കാണിച്ച് ചേളന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷകന് കത്ത് നൽകുകയുണ്ടായി. തുടർന്ന് 25.05.2019 തീയതി സ്ഥലത്തിന്റെ തരം മാറ്റൽ ഉത്തരവ് സമർപ്പിക്കുകയും 22.06.2019 തീയതി കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തു.

2) കെട്ടിട നമ്പർ അനുവദിച്ച കെട്ടിടം ഗ്രൂപ്പ് ഏച്ച് ൽപ്പെട്ട വെയർ ഹൗസ് കെട്ടിടമാണ് . പ്രസ്തുത കെട്ടിടം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ന് വിധേയമാണ്. കെട്ടിട നമ്പർ അനുവദിയ്ക്കുന്നതിനുള്ള അപേക്ഷ തീയതി (2016-17 രണ്ടാം അർദ്ധ വർഷം ) മുതൽക്ക് ബാക്ക് അസസ്സ് ചെയ്ത് നികുതി ചുമത്തിയിട്ടുണ്ട്. കെട്ടിട നമ്പറിനുള്ള അപേക്ഷ 2016 വർഷം നൽകിയിരുന്നുവെങ്കിലും ഭൂമിയുടെ തരം നിലം ആയതിനാൽ ചട്ടപ്രകാരം നമ്പർ അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കുമായിരുന്നില്ല. 19.10.2016 ന് ലഭിച്ച അപേക്ഷയിൽ നമ്പർ നൽകുന്നതിന്ആർ.ഡി.ഒ. യുടെ അനുമതി ആവശ്യമാണെന്ന് കാണിച്ച് 06.05.2017 തീയതിയാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുള്ളത്. ആർ. ഡി . ഒ യുടെ അനുമതി ലഭ്യമായതിനുശേഷം കെട്ടിട നമ്പർ നൽകി, മുൻകാല പ്രാബല്യത്തോടുകൂടി നികുതി ചുമത്തിയത് നിയമാനുസൃതമാണെന്ന് കാണുന്നു എന്നും എന്നാൽ കെട്ടിട നമ്പർ ലഭിക്കുന്നതുവരെ കെട്ടിടം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന അപേക്ഷകന്റെ വാദവും ശരിയാണെന്നും കെട്ടിടം ഉപയോഗപ്പെടുത്താൻ കഴിയാത്തിരുന്ന കാലത്തുള്ള വേക്കൻസി റെമിഷനു വേണ്ടി ബഹു. സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നുമാണ് പരാമർശം(2) പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് റിപ്പോർട്ട് ചെയ്തിരിയ്ക്കുന്നത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകൻ 19.10.2016 ന് കെട്ടിടത്തിൻറെ പൂർത്തീകരണ പ്ലാൻ സമർപ്പിച്ചുവെങ്കിലും കെട്ടിട നമ്പർ അനുവദിക്കപ്പെട്ടിട്ടുള്ളത് 22.06.2019 ന മാത്രമാണ്. കെട്ടിടം നിർമ്മിക്കപ്പെട്ട ഭൂമിയുടെ തരം സംബന്ധിച്ച് വ്യക്തത വരാത്തതുമൂലമാണ് നമ്പർ അനുവദിക്കാതിരുന്നത്. നമ്പർ ലഭിക്കാത്തതുമൂലം പ്രസ്തുത കെട്ടിടം അപേക്ഷകന് ഉപയോഗിക്കുവാൻ സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ 2016 രണ്ടാം അർദ്ധവർഷം മുതൽ 2018 -2019 വർഷം ഉൾപ്പെടെയുള്ള വസ്തു നികുതി അപേക്ഷകനിൽ നിന്നും ഈടാക്കുന്നത് ശരിയല്ല എന്ന് കാണുന്നു. പഞ്ചായത്തിരാജ് സെക്ഷൻ 203(18) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പ്രസ്തുത കാലയളവ് വരെ ശ്രീ.പൂങ്ങോട്ട് ശ്രീനിവാസ് വക 14/362 A നമ്പർ കെട്ടിടത്തിന് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിന് ചേളന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു. 2019-2020 സാമ്പത്തിക വർഷം മുതൽ കെട്ടിടത്തിന് നിശ്ചയിച്ചിട്ടുള്ള വസ്തു നികുതി യഥാസമയം ഈടാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സബിത.എസ്.ഡി**
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.പൂങ്ങോട്ട് ശ്രീനിവാസ്,വെസ്റ്റ്വേ ഹോട്ടൽ, വെസ്റ്റ് നടക്കാവ്,
എരഞ്ഞിപ്പാലം.പി.ഒ., കോഴിക്കോട്.
സെക്രട്ടറി, ചേളന്നൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി.2/199/2019/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ